## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6648** **21-03-2023 - ൽ മറുപടിയ്ക്ക്**

## അരൂർ-കെൽട്രോൺ പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ-കെൽട്രോൺ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി നടപ്പിലാക്കി വരുന്ന കുമ്പളങ്ങി കെൽട്രോൺ പാലത്തിന്റെ നിർവ്വഹണ ചുമതല കെ.ആർ.എഫ്.ബി.-പി.എം.യു എറണാകുളം, തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിനാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി 31.10.2016 തീയതിയിലെ GO(Rt)No.1496/2016/PWD പ്രകാരം 45 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 12.05.2020 ലെ ഉത്തരവ് നം. പി.ഡബ്ല്യൂഡി-001-09-പി.എ പ്രകാരം 44.2 കോടി രൂപയുടെ സാമ്പത്തികാനുമതി (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br><br>നിലവിൽ പദ്ധതി ലാൻഡ് അക്വിസിഷൻ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 16.07.2021 ൽ 13,57,360/- രൂപയുടെ കണ്ടിജൻസി ചാർജ് അനുവദിച്ചിട്ടുണ്ട്. ഗവൺമെന്റ് ഗസറ്റ് തീയതി 29.05.2022 പ്രകാരം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കുമ്പളങ്ങി ഭാഗത്തെ സ്ഥലമേറ്റെടുക്കലിനായി 5 കോടി 7 ലക്ഷം രൂപ 03.03.2023 തീയതിയിൽ കിഫ്ബി സ്പെഷ്യൽ തഹസീൽദാർ എറണാകുളത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അരൂർ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുക തഹസീൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ